ശ്രീ. കെ. എ. ശിവരാമഭാരതി: ചിറ്റൂർ ഷുഗർ മില്ലിൽ അടുത്ത കാലത്തായിട്ട് കരിമ്പ് വളരെയധികം വരുന്നുണ്ടെന്നും, ഇങ്ങനെ വരുന്ന കരിമ്പു മുഴവനും എടുക്കാൻ സാധിക്കുന്നില്ലെന്നും അങ്ങനെ കൃഷിക്കാർക്കു് തൻമൂലം വളരെയധികം ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ടെന്നും കേൾക്കുന്നതു ശരിയാണോ?

ശ്രീ. ടി. വി. തോമസ്: കൊണ്ടുവരുന്ന കരിമ്പ് എടുക്കാതിരുന്നിട്ടില്ല. എത്ര കരിമ്പുണ്ടെങ്കിലും എടുക്കത്തക്കവണ്ണം ഫുർപ്പാട്ട ചെയ്യുന്നതാണു്.

ശ്രീ. പന്തളം പി. ആർ. മാധവൻ പിള്ള: കൊടുക്കാമെന്നു പറഞ്ഞ ഭൂമി 1970 ലെങ്കിലും കൊടുക്കാൻ കഴിയുമോ?

ശ്രീ. ടി. വി. തോമസ്: ഇതു് ഫോറസ്റ്റ് ഭൂമിയാണു്. ഇതെടുക്കുന്നതിനു് ചില മുൻകൂട്ടിയുള്ള നടപടികളും വേണം. ക്ലിയർ ഫെല്ലിംഗ് നടത്തണം. ഈ നടപടികളൊക്കെ പൂർത്തിയായ ശേഷമേ എടുക്കാൻ സാധിക്കുകയുള്ളൂ. കഴിയുന്നതും വേഗം എടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. ജി. ഗോപിനാഥൻ പിള്ള: കഴിഞ്ഞവർഷംവരെ ഓരോ ഷുഗർ മില്ലിലും എത്ര ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടു്?

ശ്രീ. ടി. വി. തോമസ്: പ്രത്യേകം ചോദ്യം വേണം.

ശ്രീ. വി. എസ് അച്യുതാനന്ദൻ: മന്നം ഷുഗർ മില്ലിലെ വിലയും, പമ്പാ റിവർ ഫാക്ടറി ഏരിയായിലെ കൃഷിക്കാക്ക് കിട്ടുന്ന വിലയും കേന്ദ്ര ഗവണ്മെൻറു നിശ്ചയിച്ച വിലയായതുകൊണ്ടു് ഈ ഗവണ്മെൻറു് നിസ്സഹായമാണെന്ന ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. കേന്ദ്ര ഗവണ്മെൻറു് വില വർദ്ധിപ്പിക്കുന്നതിനു വേണ്ടി കൃഷിക്കാരുടെ ആവശ്യത്തെ പരിഗണിച്ചു് കേന്ദ്ര ഗവണ്മെൻറിന്റെ അടുക്കൽ നിവേദനം നടത്താൻ ആവശ്യമായ നടപടികളും സ്വീകരിക്കുമോ?

ശ്രീ. ടി. വി. തോമസ്: നിവേദനം കരിമ്പു കൃഷിക്കാർ തന്നെ നടത്തിയിട്ടുണ്ടു്. ഇതിനെ സംബന്ധിച്ചു് സത്വര നടപടികളും എടുത്തതിനു ശേഷമാണു് വില നിശ്ചയിച്ചിരിക്കുന്നതു്. ഇത്തവണത്തെ വില ഇതിനേക്കാളും കുറയാൻ ഇടയുണ്ടെന്നു ഭയംപോലും കൃഷിക്കാക്കുണ്ടു്.

ശ്രീ. എം. കെ. ദിവാകരൻ: മന്നം ഷുഗർ മില്ലിനു് വിട്ടുകൊടുത്ത സ്ഥലത്തു് കരിമ്പു കൃഷി നടത്തുന്നതിനുള്ള ചുമതല ആർക്കാണു്; ഗവണ്മെൻറിനു് അതിൽ എന്തെങ്കിലും പങ്കുണ്ടോ?

ശ്രീ. ടി. വി. തോമസ്: മില്ലിനു് പാട്ടത്തിനു കൊടുത്തിരിക്കുകയാണു്.

ശ്രീ. പി. എസ്. നമ്പൂതിരി: ഇൻഡ്യാ ഗവണ്മെൻറു് വില നിശ്ചയിച്ചിരിക്കുന്നതു് ഇൻഡ്യക്കൊട്ടാകെ ഒരു മാനദണ്ഡം വച്ചാണോ; അതോ ഓരോ സംസ്ഥാനത്തിനും പ്രത്യേകം നിരക്കിലാണോ?

ശ്രീ. ടി. വി. തോമസ്: ഒട്ടാകെ ഒരു മെയിൻ ആവറേജാണു്.

കൊരട്ടി ജെ. ആൻഡ് പി. മില്ലിൽ ഉണ്ടായ ലാത്തിച്ചാർജ്ജ്

*194 [711] ശ്രീ. കെ. എം. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1969 സെപ്റ്റംബർ മാസത്തിൽ കൊരട്ടി ജെ. ആൻഡ് പി. മില്ലിൽ ഉണ്ടായ ലാത്തിച്ചാർജ്ജിനും വെടിവയ്പിനുംശേഷം ആ പ്രദേശത്തെ ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്മാരെയെല്ലാം സ്ഥലം മാറ്റുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അപ്രകാരം ഉദ്യോഗസ്ഥന്മാരെ സ്ഥലം മാറ്റുന്നതിനു് എന്തായിരുന്നു കാരണം ?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ) :

(എ) ഇല്ല. കൊരട്ടിയിൽ നടന്ന വെടിവയ്പിനോടനുബന്ധിച്ചു് സബ് ഇൻസ്പെക്ടറെ സ്ഥലം മാറ്റിയിട്ടുണ്ടു്. കൊരട്ടിയിൽ നടന്ന വെടിവയ്പിനെ സംബന്ധിച്ചു് അന്വേഷണം നടത്തുന്നതിനു് ഗവണ്മെൻറു് ഉത്തരവിട്ടിട്ടുണ്ടു്. അന്വേഷണം നടക്കുന്ന കാലയളവിൽ വെടിവയ്പു സമയത്തുണ്ടായിരുന്ന സർക്കിൾ ഇൻസ്പെക്ടർ അവിടെ തുടരുന്നതു് ആശാസ്യമല്ലെന്നു് ഗവണ്മെൻറു് കരുതുന്നതുകൊണ്ടാണു് ഇപ്രകാരം സ്ഥലം മാറ്റം നടന്നതു്.

(ബി) കൊരട്ടിയിൽ നടന്ന വെടിവയ്പിനെക്കുറിച്ചു് അന്വേഷണം നടക്കുന്ന കാലയളവിൽ വെടിവയ്പു സമയത്തു് അവിടെ ഉണ്ടായിരുന്ന സർക്കിൾ ഇൻസ്പെക്ടർ തന്നെ തുടരുന്നതു് ആശാസ്യമല്ലെന്നു കരുതുന്നതുകൊണ്ടാണു്.

ശ്രീ. കെ. എം. ജോജ്ജു് : കൊരട്ടി മില്ലിൽ ലാത്തിച്ചാജ്ജും വെടിവയ്പ്പും നടക്കാനുണ്ടായ സാഹചര്യം എന്താണെന്നു പറയാമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : അതിനെ സംബന്ധിച്ചു് ഒരു പരസ്യാന്വേഷണത്തിനു് ഉത്തരവിട്ടിരിക്കുകയാണു്.

ശ്രീ. കെ. എം. ജോജ്ജു് : ഒരു ഉദ്യോഗസ്ഥനെ സ്ഥലം മാറ്റുകയുണ്ടായെന്നു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എവിടെയായാലും വെടിവയ്പ്പിനെയും ലാത്തിച്ചാജ്ജിനെയും പറ്റി അന്വേഷണത്തിനു് ഉത്തരവിടുകയാണെങ്കിൽ ലാത്തിച്ചാജ്ജും വെടിവയ്പ്പും നടന്ന കാലത്തു് അവിടെയുണ്ടായിരുന്ന പോലീസു് ഉദ്യോഗസ്ഥന്മാരെ മാറ്റുകയെന്നുള്ളതു് ഒരു പൊതു നയമായി ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എം. കെ. കൃഷ്ണൻ : അതു സാഹചര്യത്തിന്റെ അടിസ്ഥാനത്തിലായിരിക്കും.

ശ്രീ. കെ. എം. ജോജ്ജു് : കൊരട്ടി വെടിവയ്പ്പിനെത്തുടർന്നു് യാതൊരു പ്രകോപനമോ ന്യായീകരിക്കത്തക്ക കാരണങ്ങളോ കൂടാതെയാണു് അവിടെയുള്ള പോലീസു് ഉദ്യോഗസ്ഥനെ സ്ഥലം മാറ്റിയതെന്നുള്ള ഒരു വലിയ ആരോപണം ഞാൻ വസ്തുകയാണു്. മാത്രമല്ല ഈ ഉദ്യോഗസ്ഥനെ മര്യാദ പഠിപ്പിക്കണമെന്നു് ശ്രീ. എ. കെ. ഗോപാലൻ എം. പി. ആഹ്വാനം ചെയ്യുകയും ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അല്ലേ ഈ ഉദ്യോഗസ്ഥനെ സ്ഥലം മാറ്റിയിട്ടുള്ളതു് ?

ശ്രീ. എം. കെ. കൃഷ്ണൻ : അതിന്റെ അടിസ്ഥാനത്തിലല്ല. നേരെ മറിച്ചു് അവിടെയുള്ള യൂണിയനും മറ്റും ആവശ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണു് അന്വേഷണത്തിനു് ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതു്.

ശ്രീ. ടി. കെ. കൃഷ്ണൻ : വെടിവയ്പ്പുമൂലം പരിക്കേറ്റവർക്കു നഷ്ടപരിഹാരം കൊടുക്കാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എം. കെ. കൃഷ്ണൻ : ആർക്കും പരിക്കേറ്റിട്ടില്ല.

ശ്രീ. പി. പി. ജോജ്ജു് : പരസ്യാന്വേഷണ റിപ്പോർട്ടു് എന്നേയ്ക്കു് സമർപ്പിക്കുവാനാണു് ഗവണ്മെൻറു് ആവശ്യപ്പെട്ടിരിക്കുന്നതു്; അതനുസരിച്ചുള്ള നടപടികൾ താമസിക്കുന്നതു് എന്തു കൊണ്ടാണെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കൃഷ്ണൻ : അന്വേഷണ ഉത്തരവു പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ടു്. അന്വേഷണത്തിനാവശ്യമായ നോട്ടിഫിക്കേഷൻ ഉണ്ടായിട്ടുണ്ടെന്നാണു് എന്റെ വിശ്വാസം. മറ്റെല്ലാം കമ്മീഷൻ തീരുമാനിക്കേണ്ട കാര്യങ്ങളാണു്.

ശ്രീ. കെ. ഐ. രാജൻ : കേന്ദ്ര നിയമവകുപ്പു മന്ത്രി ഈ സന്ദർഭത്തിൽ അവിടെ ക്യാമ്പു ചെയ്തിരുന്നുവെന്നും അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഇങ്ങനെയൊരു സാഹചര്യം സൃഷ്ടിക്കാൻ സഹായകമായിരുന്നുവെന്നും കേൾക്കുന്നതു് ശരിയാണോ ?

ശ്രീ. എം. കെ. കൃഷ്ണൻ : നാലാം തീയതി അദ്ദേഹം അവിടെയുണ്ടായിരുന്നു. പക്ഷേ വെടിവയ്പ്പു് നടന്നതു് ആറാംതീയതിയായിരുന്നു.

പിരിച്ചുവിടപ്പെട്ട എസ്. എ. പി. ക്കാരുടെ പുനർനിയമനം

* 195 [712] ശ്രീ. ടി. കെ. രാമകൃഷ്ണൻ:
,, എ. എസ്സ്. എൻ. നമ്പീശൻ:
,, ഇ. പി. കൃഷ്ണൻ നമ്പ്യാർ:
,, സി.ബി. ചന്ദ്രശേഖര വാര്യർ:
,, ടി. എം. മീതിയൻ:
,, എ. വി. ആര്യൻ:
,, സി. ഗോവിന്ദപ്പണിക്കർ:
,, എൻ.വാസുദേവൻപിള്ള:
,, ടി. കെ. കൃഷ്ണൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്കു് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) പിരിച്ചുവിടപ്പെട്ട എസ്. എ. പി. ക്കാരുടെ പുനർനിയമനം സംബന്ധിച്ചു് ഗവണ്മെന്റു് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇവരുടെ പുനർ നിയമനത്തിന്റെ സ്വഭാവം എന്തെന്നു വിശദമാക്കുമോ ;

(സി) ഇതിനകം പുനർനിയമനത്തിനു് അർഹരായിട്ടുള്ളവർ എത്ര ?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ) :

(എ) ഉണ്ടു്.

(ബി) പോലീസു് ഡിപ്പാർട്ടുമെന്റിൽ പുനർ നിയമനത്തിനു് അയോഗ്യരെന്നു പ്രഖ്യാപിക്കപ്പെട്ടു് പിരിച്ചുവിട്ട 237 എസ്. എ. പി. ക്കാരെ മറ്റു ഡിപ്പാർട്ടുമെന്റുകളിൽ ലാസ്റ്റ് ഗ്രേഡു് സ്റ്റീസിലുണ്ടാകുന്ന 50 ശതമാനം ഒഴിവുകളിലേക്കു് നിയമിക്കുവാൻ ഗവണ്മെന്റു് കല്പനയായിട്ടുണ്ടു്.

(സി) 237 പേർ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ബാക്കിയുള്ള ആളുകളുടെ നിയമനം എന്നേക്കു പൂർത്തിയാകുമെന്നു പറയാൻ കഴിയുമോ ; അതുപോലെ അവരെ നിയമിക്കുമ്പോൾ അവരുടെ പൂവ്വകാലസർവ്വീസു് കൂടി പരിഗണിക്കുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : ബാക്കിയുള്ള ആളുകളുടെ കാര്യത്തിൽ ഡിസിപ്ലിനറി നടപടികളും നടന്നുകൊണ്ടിരിക്കുകയാണു്. അതു പൂർത്തിയാകാതെ എന്നേക്കു നിയമിക്കുവാൻ കഴിയുമെന്നു പറയാൻ നിവൃത്തിയില്ല. പൂവ്വകാല സേവനത്തിന്റെ പ്രശ്നം പിന്നെ പരിശോധിക്കുന്നതാണു്;

ശ്രീ. ഇ. പി. കൃഷ്ണൻ നമ്പ്യാർ : ഇവരുടെ പുനർനിയമനം എന്നേയ്ക്കു പൂർത്തിയാകുമെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly